(ബി) സ്ഥിരമായി ഡോക്ടർമാരില്ലാത്തതു കാരണം ഐ.സി. യൂണിറ്റടക്കം പ്രവർത്തിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാലവർഷം തുടങ്ങുമ്പോൾ രോഗികളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ ജില്ലയിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും സ്ഥിരമായി ഡോക്ടർമാരില്ലാത്ത തസ്തികകൾ താഴെ പറയും പ്രകാരമാണ്.

ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി/റേഡിയോതെറാപ്പി) - ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ഓരോ ഒഴിവ്.

ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്/ക്ലിനിക്കൽ ലാബ്) - ജില്ലാ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറില്ല. ജൂനിയർ കൺസൾട്ടന്റ് (PMR) - ജനറൽ ആശുപത്രിയിൽ ഒഴിവുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലയിലെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം. മുഖേന ഡോക്ടർമാരെ നിയമിക്കുന്നുണ്ട്.

കാസർഗോഡ് ജനറൽ ആശുപത്രി

78 (743) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടേതടക്കം നിലവിലുള്ള തസ്തികകളുടെ വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതെല്ലാമാണ് ഒഴിഞ്ഞുകിടക്കുന്നത് എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നു ;

(സി) സാധാരണക്കാരായ രോഗികൾ ഏറ്റവും അധികം ആശ്രയിക്കുന്ന പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്താൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ആശുപത്രിയിൽ Blood Separation Unit അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനമാരംഭിച്ചോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് തസ്തികയിലുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

കൂടാതെ ഒഴിവുള്ള പതിനൊന്ന് ഡോക്ടർമാരുടെ തസ്തികകളിലേയ്ക്ക് ഒൻപത് ഡോക്ടർമാരെ അഡ്ഹോക്ക് മുഖേന നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

79 (744) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആരോഗ്യവകുപ്പ് നടത്തിയ പ്രവൃത്തികൾ വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി നൽകിയിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ എം.എൽ.എ. ഫണ്ടിൽനിന്നും 67 ലക്ഷം രൂപ ചെലവിൽ ക്യാന്റീനും ഡോർമിറ്ററി ബ്ലോക്കും നിർമ്മിക്കുന്നതിന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly